# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2558      09-03-2017-ൽ മറുപടിക്ക്

### വീട്ടുജോലിക്കാർക്ക് ക്ഷേമനിധി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വീട്ടുജോലിക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) & (ബി) | ഗാർഹിക തൊഴിലാളികളുടെ ക്ഷേമത്തിനായി 2011-ലെ കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമ നിധി പദ്ധതി നിലവിലുണ്ടായിരുന്നു. 2008-ലെ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വ ആക്റ്റിലെ (2008-ലെ 33-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമനിധി ലയിപ്പിച്ചതിന്റെ ഭാഗമായി ഗാർഹിക തൊഴിലാളികൾ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായി. ഈ പദ്ധതിയിൽ തുടർന്നും വീട്ടു ജോലിക്കാർക്ക് അംഗങ്ങളാകാവുന്നതാണ്. |
| (സി) ഈ വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ? | (സി) | സംസ്ഥാനത്തെ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ 29-12-2016-ലെ സ.ഉ. (അച്ചടി) നമ്പർ 202/2016/തൊഴിൽ (എസ്.ആർ.ഒ. നമ്പർ 20/2017) പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ